LIBRARY ARCHIVES Kerala Legislative Assembly

ഇ-രേഖാ പദ്ധതി

27 (*567) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. പാലോട് രവി :

ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ സർവ്വേ വകുപ്പിൽ ഇ-രേഖാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത് ;

(സി) ഇത് നടപ്പിൽ വരുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഉണ്ട്.

(ബി) സംസ്ഥാന സർക്കാർ സംരംഭമായ സിഡ്കോയുടെ സഹകരണത്തോടെ കേരളാ ലാന്റ് ഇൻഫർമേഷൻ മിഷൻ പദ്ധതി നടപ്പാക്കിവരുന്നു.

(സി) കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ 9-ാമത് എംപവേർഡ് കമ്മിറ്റിയിൽ സർവ്വേ വകുപ്പിലെ പുരാതന റിക്കാർഡുകൾ ഭൗതികമായി സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനും, അവ ഓൺലൈൻ ആയി പൊതുജനങ്ങൾക്ക് നൽകുന്നതിനുമായി ഇ-രേഖ പദ്ധതിക്ക് അംഗീകാരം നൽകുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എൽ.ആർ.എം.പി.യിൽ ഉൾപ്പെടുത്തി ടി പദ്ധതി നടപ്പാക്കാനായി 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

പെൺകുട്ടികൾക്കായി "കരുത്ത്" പദ്ധതി

28 (*568) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. പി. എ. മാധവൻ :

ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലെ പെൺകുട്ടികൾക്കായി "കരുത്ത്" പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;